2026
MARCH
10
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ആഗോള ഗ്രാഫീൻ സമ്മേളനത്തിന് തുടക്കമായി



**കൊച്ചി:** ഗ്രാഫീൻ അന്താരാഷ്ട്ര സമ്മേളനവും പ്രദർശനവും 'ഗ്രാഫിൻ 2026' കൊച്ചിയിൽ ആരംഭിച്ചു. ഗ്രാഫീൻ ഗവേഷണത്തിന് നോബൽ സമ്മാനം നേടിയ പ്രൊഫ. കോസ്റ്റ്യ നോവോസെലോവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗ്രാഫീൻ ഗവേഷണത്തിന്റെ തുടക്കകാലം മുതൽ ഏകദേശം ഇരുപത് വർഷത്തെ ഗവേഷണത്തിനു ശേഷവും ഈ വസ്തു പുതിയ ശാസ്ത്രീയ കണ്ടെത്തലുകൾക്കും സാങ്കേതിക സാധ്യതകൾക്കും വഴിയൊരുക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ലാബുകളിലെ കൗതുകവസ്തുവായി ആരംഭിച്ച ഗ്രാഫീൻ ഇന്ന് വിവിധ വ്യവസായ മേഖലകളിൽ ഉപയോഗിക്കാവുന്ന ശക്തമായ സാങ്കേതിക വേദിയായി മാറിയിട്ടുണ്ട്.

ഗ്രാഫീനും മറ്റ് ദ്വിമാന വസ്തുക്കളും വ്യവസായ മേഖലകളിൽ വ്യാപകമായി ഉപയോഗിക്കാനുള്ള സാധ്യതകൾ തുറക്കുകയാണെന്നും അതിവേഗം വളരുന്ന ഈ ഗവേഷണ മേഖലയിലെ ഏറ്റവും ഫലപ്രദമായ പ്രയോഗങ്ങൾ കണ്ടെത്തുന്നതാണ് പ്രധാന വെല്ലുവിളിയെന്നും അദ്ദേഹം വ്യക്തമാക്കി. ഒരേ സമയം പല ഗവേഷണ ദിശകളിലും പ്രവർത്തിക്കാൻ കഴിവുള്ള രാജ്യങ്ങളിൽ ഇന്ത്യയും പ്രധാന സ്ഥാനത്താണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയ അഡീഷണൽ സെക്രട്ടറി അമിതേഷ് കുമാർ സിൻഹ മുഖ്യപ്രഭാഷണം നടത്തി. ഇലക്ട്രോണിക്സ് നിർമ്മാണ രംഗത്ത് ഇന്ത്യ ആഗോള കേന്ദ്രമായി ഉയരുകയാണെന്ന് അദ്ദേഹം പറഞ്ഞു. സെമിക്കണ്ടക്ടർ, ഇലക്ട്രോണിക്സ് മേഖലകളിൽ വലിയ നിക്ഷേപങ്ങളും നയപരമായ പരിഷ്കാരങ്ങളും ഇതിനായി നടപ്പാക്കുന്നുണ്ട്. ഇന്ത്യ സെമികണ്ടക്ടർ മിഷൻ പദ്ധതിയുടെ ഭാഗമായി ഏകദേശം 1.6 ലക്ഷം കോടി രൂപയുടെ നിക്ഷേപമുള്ള പത്ത് നിർമാണ പദ്ധതികൾക്ക് ഇതിനകം അംഗീകാരം നൽകിയതായി അദ്ദേഹം പറഞ്ഞു. ഡിസൈൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയിലൂടെ നൂറിലധികം സ്റ്റാർട്ടപ്പുകൾക്കും എം.എസ്.എം.ഇകൾക്കും പിന്തുണ നൽകിയതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഭാവിയിലെ ഇലക്ട്രോണിക്സ് സാങ്കേതികവിദ്യയുടെ അടിത്തറയാണ് അഡ്വാൻസ്ഡ് മെറ്റീരിയൽ ഗവേഷണമെന്നു സിമെറ്റ് ഡയറക്ടർ ജനറൽ ഡോ. ആർ. രതീഷ് പറഞ്ഞു. ഊർജസംഭരണം, വളയ്ക്കാവുന്ന ഇലക്ട്രോണിക്സ്, സെൻസറുകൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ ഗ്രാഫീനും മറ്റ് ദ്വിമാന വസ്തുക്കളും നിർണായക പങ്ക് വഹിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

കേന്ദ്ര ഇലക്ട്രോണിക്സ് , ഐടി മന്ത്രാലയം റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഗ്രൂപ്പ് കോർഡിനേറ്റർ സുനിത വർമ, ബ്രിട്ടീഷ് ഹൈക്കമ്മീഷൻ ടെക് പോളിസി മേധാവി ഹാരി ഫിഷർ, സിമെറ്റ് തൃശൂർ, സെൻസേഴ്സ് ആൻഡ് എനർജി മെറ്റീരിയൽസ് ഗ്രൂപ്പ് ഹെഡ് ഡോ. എ. സീമ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. നാലുദിവസം നീളുന്ന സമ്മേളനത്തിൽ മുഖ്യപ്രഭാഷണങ്ങൾ, സാങ്കേതിക സെഷനുകൾ, വ്യവസായ ചർച്ചകൾ എന്നിവ നടക്കും. ആദ്യ ദിവസത്തെ ശാസ്ത്രീയ സെഷനുകളിൽ കൃത്രിമ ബുദ്ധി ഉപയോഗിച്ച മെറ്റീരിയൽ എഞ്ചിനിയറിംഗ്, എംക്സീൻ അധിഷ്ഠിത ഇലക്ട്രോകാറ്റലിസിസ്, ഗ്രാഫീൻ ഇലക്ട്രോഡുകൾ, നാനോ സെൻസർ സാങ്കേതികവിദ്യകൾ തുടങ്ങിയ പുതിയ ഗവേഷണങ്ങൾ അവതരിപ്പിക്കപ്പെട്ടു.

# യുവസംഗമം: ആറാം ഘട്ടം ഓൺലൈൻ രജിസ്ട്രേഷൻ

**ന്യൂഡൽഹി:** ഏക് ഭാരത് ശ്രേഷ്ഠ ഭാരത് സംരംഭത്തിന് കീഴിലെ യുവസംഗമം ആറാം ഘട്ടത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കി. വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും യുവജനങ്ങൾക്കിടയിലെ വൈകാരിക ബന്ധം ശക്തിപ്പെടുത്താനും പരസ്പര ധാരണ വളർത്താനും ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരിന് കീഴിലെ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന സുപ്രധാന യുവജന പരിപാടിയാണ് 'യുവസംഗമം'. നിശ്ചിത സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ തമ്മിലെ പഠനയാത്രകളിലൂടെ 'നാനാത്വത്തിൽ ഏകത്വം' എന്ന സന്ദേശം ഉയർത്തിപ്പിടിക്കുന്നതാണ് പദ്ധതി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, എൻഎസ്എസ്, എൻവൈകെഎസ് വോളന്റിയർമാർ, യുവ പ്രൊഫഷണലുകൾ എന്നിവരടക്കം 18 മുതൽ 30 വരെ പ്രായക്കാരായ താൽപര്യമുള്ള യുവജനങ്ങൾക്ക് https://ebsb.aicteindia.org, https://ekbharat.gov.in എന്നീ പോർട്ടലുകളിലൂടെ അപേക്ഷിക്കാം. യുവസംഗമത്തിന്റെ കഴിഞ്ഞ ഘട്ടത്തിന് 46,000ത്തിലേറെ രജിസ്ട്രേഷനുകളോടെ വലിയ പങ്കാളിത്തമാണ് രാജ്യത്തുടനീളം ലഭിച്ചത്.

പദ്ധതി ആരംഭിച്ചത് മുതൽ രാജ്യത്തെ പ്രമുഖ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആതിഥേയത്വത്തിൽ 6,000ത്തിലധികം യുവജനങ്ങളും കോർഡിനേറ്റർമാരും ഇത്തരം സന്ദർശനങ്ങളുടെ ഭാഗമായി. യുവസംഗമം ആറാം ഘട്ടത്തിൽ രാജ്യത്തെ 22 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ നോഡൽ സ്ഥാപനങ്ങളായി നിശ്ചയിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നിശ്ചിത പങ്കാളിത്ത സംസ്ഥാനങ്ങളിലേക്ക് അഞ്ച് മുതൽ ഏഴ് ദിവസം വരെ നീണ്ടുനിൽക്കുന്ന വിദ്യാഭ്യാസസാംസ്കാരിക സന്ദർശന യാത്രകൾക്ക് അവസരം ലഭിക്കും.

# പ്രധാനമന്ത്രിയുടെ സന്ദർശനം; കൊച്ചിയിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണം

**കൊച്ചി:** പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ കൊച്ചി സന്ദർശനത്തിനോട് അനുബന്ധിച്ച് ഇന്നും, നാളെയും കൊച്ചി നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 3.30വരെ കൊച്ചി നഗരത്തിൽ ബാനർജി റോഡ്, ഷണ്മുഖംറോഡ്, പാർക് അവന്യു, എം.ജി റോഡ്ഭാഗങ്ങളിലാണ് ഗതാഗത നിയന്ത്രണം.

ഭാരവാഹനങ്ങൾ ഇന്ന് രാത്രി 10 മുതൽ പ്രധാനമന്ത്രിയുടെ സന്ദർശനം കഴിയുന്നതുവരെ നഗരത്തിനുള്ളിൽ പ്രവേശിക്കാൻ അനുവദിക്കില്ല. ആംബുലൻസ്, ഫയർ സർവീസ് തുടങ്ങിയ അത്യാവശ്യ വാഹനങ്ങൾക്ക് സാഹചര്യം അനുസരിച്ച് തടസമില്ലാതെ പോകാൻ സൗകര്യം ഒരുക്കുന്നതാണ്. യാത്രക്കാർ മുൻകൂട്ടി യാത്രകൾ പ്ലാൻ ചെയ്യണമെന്നും കൊച്ചി സിറ്റി ട്രാഫിക് പോലീസ് അഭ്യർത്ഥിച്ചു.

# ട്രാവൻകൂർ സിമന്റ്സ് വൈവിധ്യവൽക്കരണത്തിന്റെ പാതയിൽ; സാധ്യമാകുന്ന എല്ലാ പിന്തുണയും ഉറപ്പാക്കുമെന്ന് മന്ത്രി




**കൊച്ചി:** ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് പുതിയൊരു തുടക്കത്തിലേക്ക് കടക്കുകയാണെന്നും സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സാധ്യമാകുന്ന എല്ലാ പിന്തുണയും സർക്കാർ നൽകുമെന്നും വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വൈവിധ്യവൽക്കരണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച 'വേമ്പനാട്' ടൈൽ അഡ്ഹസീവ്, 'വേമ്പനാട്' LC3 വൈറ്റ് സിമന്റ് എന്നീ ഉത്പന്നങ്ങൾ പുറത്തിറക്കിക്കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ആദ്യമായി എൽസി3 വൈറ്റ് സിമന്റ് ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനം ആണെന്നതിൽ നമുക്ക് അഭിമാനിക്കാം. ഇതിന്റെ നിർമ്മാണത്തിൽ കാർബൺ ബഹിർഗമനം വളരെ കുറവാണ്. അതിനാൽ തന്നെ പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നം കൂടിയാണിത്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കെ.പി.പി.എല്ലിൽ നിന്നുള്ള ഉപയോഗശൂന്യമായ സ്ലഡ്ജും ഇതിന്റെ ഉൽപ്പാദനത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. വേമ്പനാട് വൈറ്റ് സിമന്റിന് കേരളത്തിനകത്തും പുറത്തും വലിയ മാർക്കറ്റാണ് ഉണ്ടായിരുന്നത്. ആ സാധ്യതകൾ ഇപ്പോഴും നമുക്ക് മുന്നിലുണ്ട്, അത് പരമാവധി പ്രയോജനപ്പെടുത്തണം. ഈ കാലഘട്ടത്തിൽ വിപണിയിൽ ഏറെ ആവശ്യമുള്ള ഉൽപ്പന്നമാണ് ടൈൽ അഡ്ഹസീവ് എന്നും അദ്ദേഹം പറഞ്ഞു.

കുറെ വർഷങ്ങളായി പ്രതിസന്ധി മാത്രം മുഖമുദ്രയായിരുന്ന ട്രാവൻകൂർ സിമന്റ്സ് പ്രതീക്ഷയുടെ പുതിയ പാതയിലേക്ക് പ്രവേശിക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയാണ് സ്ഥാപനത്തെ പ്രതിസന്ധിയിലാക്കിയിരുന്നത്. ഈ വർഷം നാലരക്കോടിയിൽ പരം രൂപയാണ് കമ്പനിക്ക് സർക്കാർ ലഭ്യമാക്കിയത്. ഭാവിയിലും ഈ പിന്തുണ തുടരുമെന്നും അദ്ദേഹം പറഞ്ഞു. കളമശ്ശേരിയിൽ നടന്ന ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറി ( ഇൻഡസ്ട്രീസ്) എ.പി.എം മുഹമ്മദ് ഹനീഷ് അധ്യക്ഷനായി, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ചെയർമാൻ സണ്ണി തെക്കേടം, ബി.പി.ടി എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത് കുമാർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജി. രാജശേഖരൻ പിള്ള, ഡയറക്ടർ ബോർഡ് അംഗങ്ങളായ യോഹന്നാൻ ചാക്കോ, എ. അജിത് കുമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തൊഴിലാളി സംഘടന ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ലേ മെറീഡിയൻ കൺവെൻഷൻ സെന്റർ :** ഗ്രാഫീൻ അന്താരാഷ്ട്ര സമ്മേളനവും പ്രദർശനവും രാവിലെ 10ന്.

■ **എറണാകുളം ജില്ലാ ഹോമിയോ ആശുപത്രി :** യോഗിനി മത്സരം 2026 രാവിലെ 10 മുതൽ.

■ **മഹാരാജാസ് കോളേജ് ഇംഗ്ലീഷ് മെയിൻ ഹാൾ :** കേരള സംഗീതനാടക അക്കാദമി അവാർഡ് നേടിയ ഡോ. എൻ ജെ നന്ദിനിക്ക് സ്വീകരണം രാവിലെ 10 ന് സംഗീതസംവിധായകൻ ശരത് ഉദ്ഘാടനം ചെയ്യും.

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ആലിയ ബിൻസി മാത്യുവിന്റെ ആഴ്ചവട്ടം സന്തോഷകരമായ വാർധക്യവും ആരോഗ്യകരമായ ജീവിതശൈലിയും വൈകിട്ട് 5.30ന്.

## അങ്കമാലി

■ **ഫെഡറൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഫിസാറ്റ്) :** ഫിസാറ്റ് ഐഡിയ ലാബിന്റെ ഉദ്ഘാടനം സാങ്കേതിക സർവകലാശാല വിസി ഡോ.സിസ തോമസ് നിർവഹിക്കും. ഫിസാറ്റ് ചെയർമാൻ പി.ആർ.ഷിമിത്ത് അധ്യക്ഷത വഹിക്കും. കൽക്കട്ട ജിസ് യൂണിവേഴ്സിറ്റി പ്രോ ചാൻസലർ ഡോ. നീരജ് സക്സേന മുഖ്യപ്രഭാഷണം നടത്തും. പ്രിസിപ്പൽ ഡോ. പി.ആർ. മിനി, ഡീൻ ഡോ. ഉണ്ണി കർത്ത, ഡോ. എബി പി. മാത്യു, ഡോ. എം. ആർ. സുമൻലാൽ, ടോം ആന്റോ തുടങ്ങിയവർ പങ്കെടുക്കും.

## കോതമംഗലം

■ **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം :** ഭാഗവത സപ്താഹ യജ്ഞം രാവിലെ 6.15 മുതൽ.

## മൂവാറ്റുപുഴ

■ **രണ്ടാർകര ശിവഗിരി മഹാദേവക്ഷേത്രം :** അഷ്ട്മി മഹോത്സവത്തിന്റെ ഭാഗമായി ഉച്ചയ്ക്ക് 2 മുതൽ ആറാട്ട് പുറപ്പാട്, കാവടി ഘോഷയാത്ര, വൺമാൻഷോ, അന്നദാനം, നൃത്തനാടകം.

■ **മൂവാറ്റുപുഴ കച്ചേരിതാഴത്ത് ഗാന്ധി പ്രതിമക്ക് മുന്നിൽ :** വിജ്ഞാന വികസന സദസിന്റെ താലൂക്ക് തല ഉദ്ഘാടനം വൈകിട്ട് 4.30ന് ലൈബ്രറി കൗൺസിൽ മുൻ ജില്ലാ സെക്രട്ടറി എം.ആർ. സുരേന്ദ്രൻ നിർവഹിക്കും.

# 'പിങ്ക് മൊബിലിറ്റി' പദ്ധതിക്ക് തുടക്കം; വനിതകൾ ഇനി റോഡിലെ സാരഥികൾ



**തിരുവനന്തപുരം:** കേരളത്തിലെ യാത്രാമേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കമിട്ട് പ്രമുഖ മൊബിലിറ്റി പ്ലാറ്റ്ഫോമായ റാപിഡോ . കേരള മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച റാപിഡോ, വനിതകളുടെ സുരക്ഷയും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് 'പിങ്ക് മൊബിലിറ്റി' പദ്ധതിക്കും 'റാപിഡോ ശക്തി' എന്ന പ്രത്യേക പരിപാടിക്കും തിരുവനന്തപുരത്ത് തുടക്കം കുറിച്ചു. സ്ത്രീകളെ പ്രൊഫഷണൽ റൈഡർമാരായി പരിശീലിപ്പിക്കുകയും അവർക്ക് സ്ഥിരമായ വരുമാന മാർഗ്ഗം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ ഗതാഗത മേഖലയിൽ പുതിയൊരു ചരിത്രം കുറിക്കുകയാണ് ഈ കൂട്ടായ്മ. കെഎസ്ആർടിസിയുടെ സഹകരണത്തോടെ കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂളുമായി സഹകരിച്ചാണ് വനിതാ ഡ്രൈവർമാർക്ക് ആവശ്യമായ വിദഗ്ധ പരിശീലനം നൽകുന്നത്. തിരുവനന്തപുരത്തെ കെഎസ്ആർടിസി സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ ബാച്ച് അടിസ്ഥാനത്തിലായിരിക്കും ക്ലാസുകൾ. ഒരു തവണ 50 പേർക്ക് (25 പേർ വീതമുള്ള രണ്ട് ബാച്ചുകൾ) വീതം പരിശീലനം നൽകും.

സുരക്ഷിതമായ റൈഡിംഗ് രീതികളും ട്രേഡ് തിയറിയും, ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അവബോധവും മോട്ടോർ വാഹന നിയമങ്ങളും, ഓൺലൈൻ ടാക്സി, ഹയർ ഓപ്പറേഷൻസ് എന്നിവയിലെ സാങ്കേതിക വശങ്ങൾ, അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള ഫസ്റ്റ് എയ്ഡ് പരിശീലനം, യാത്രക്കാർക്ക് മികച്ച സേവനം നൽകുന്നതിനായുള്ള കസ്റ്റമർ സർവീസ് പരിശീലനം എന്നിവയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന വിഷയങ്ങൾ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഔദ്യോഗിക സർട്ടിഫിക്കറ്റ് നൽകും. ഇതോടെ, തികഞ്ഞ പ്രൊഫഷണലിസവും സുരക്ഷാ അവബോധവുമുള്ള വനിതാ ഡ്രൈവർമാരുടെ ഒരു നിര തന്നെ കേരളത്തിലെ നിരത്തുകളിൽ സജീവമാകും.

# കൊച്ചിയിലെ 6 ജലസംഭരണികൾ ഫലപ്രദമായി ഉപയോഗിക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** കോടികൾ മുടക്കി നിർമ്മിച്ച കൊച്ചിയിലെ 6 ജലസംഭരണികൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സണ്ടാർ തോമസ്. കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. വാട്ടർ അതോറിറ്റി സെൻട്രൽ റീജണൽ ചീഫ് എഞ്ചിനീയർ ഇക്കാര്യം അടിയന്തരമായി പരിശോധിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്താൻ വാട്ടർ അതോറിറ്റി തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്ലാന്റിൽ നിന്നും കൂടുതലായെത്തുന്ന ശുദ്ധീകരിച്ച ജലം കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ വിതരണം ചെയ്യണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറും സൂപ്രണ്ടിംഗ് എഞ്ചിനീയറും (എറണാകുളം) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ മൂന്നാഴ്ചക്കകം സമർപ്പിക്കണമെന്ന് ജസ്റ്റിസ് അലക്സണ്ടാർ തോമസ് ആവശ്യപ്പെട്ടു. ചീഫ് എഞ്ചിനീയർക്ക് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറും (എറണാകുളം) സൂപ്രണ്ടിംഗ് എഞ്ചിനീയറും എറണാകുളത്ത് നടക്കുന്ന സിറ്റിംഗിൽ നേരിട്ട് ഹാജരായി വസ്തുതകൾ കമ്മീഷനെ ധരിപ്പിക്കണം. സിറ്റിംഗ് തീയതി പിന്നീട് അറിയിക്കും. കരുവേലിപ്പടി, പച്ചാളം, രവിപുരം, കലൂർ, കടവന്ത്ര തുടങ്ങിയ സ്ഥലങ്ങളിലുള്ള വാട്ടർ ടാങ്കുകളാണ് വാട്ടർ അതോറിറ്റി ഉപയോഗിക്കാത്തതെന്നാണ് പരാതി. മൂന്നെണ്ണം തീർത്തും ഉപയോഗിക്കുന്നില്ല. മൂന്നെണ്ണം ഭാഗികമായി ഉപയോഗിക്കുന്നതായി മനസിലാക്കുന്നുവെന്നും കമ്മീഷൻ വ്യക്തമാക്കി.

# മത്സ്യത്തൊഴിലാളികൾക്ക് ടെഡ് വിതരണം ചെയ്തു

**കൊച്ചി:** സുസ്ഥിര മത്സ്യബന്ധന രീതികളെ പ്രോത്സാഹിപ്പിക്കൽ സമുദ്ര ജൈവവൈവിധ്യം സംരക്ഷിക്കൽ എന്നിവ ലക്ഷ്യമിട്ട് ഐ.സി.എ.ആർ-സി.ഐ.എഫ്.ടി വികസിപ്പിച്ചെടുത്ത ടെഡ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ വിതരണോദ്ഘാടനം നിർവ്വഹിച്ചു. ട്രോൾ വലയിൽ ഘടിപ്പിക്കുന്ന ഒരു പ്രത്യേക ഉപകരണമാണ് ടെഡ്. ഇവ കടലാമകളെ വലയിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്തതാണ്. കൊച്ചിയിൽ നടന്ന മത്സ്യബന്ധനവും ജലകൃഷിയും സംബന്ധിച്ച അടിസ്ഥാന സൗകര്യ വികസന നിധി അവലോകന യോഗത്തോടനുബന്ധിച്ചുള്ള വർക്ക്ഷോപ്പിനിടെയാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായി ലഭിച്ച സാമ്പത്തിക സഹായത്തോടെയാണ് ദേശീയ മത്സ്യവികസന ബോർഡ് ഈ സംരംഭം നടപ്പിലാക്കിയത്. മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കുന്നതിനോടൊപ്പം വംശനാശഭീഷണി നേരിടുന്ന സമുദ്രജീവികളെ സംരക്ഷിക്കുന്ന ഉത്തരവാദിത്തപരമായ മത്സ്യബന്ധന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടത്തുന്ന പ്രധാനപ്പെട്ട ശ്രമത്തിന്റെ ഭാഗമാണ് പദ്ധതി. ഐ.സി.എ.ആർ-സി.ഐ.എഫ്.ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ സി.ഐ.എഫ്.ടി-ടെഡ് ഉപകരണങ്ങളുടെ രൂപകൽപ്പന, പ്രവർത്തനക്ഷമത, രാജ്യവ്യാപകമായ നടപ്പാക്കൽ എന്നിവയെക്കുറിച്ച് വിശദീകരിച്ചു.

## സ്പോട്ട് അഡ്മിഷൻ : ഡിപ്ലോമ ഇൻ മൂവി ക്യാമറ പ്രൊഡക്ഷൻ

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റിയൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡിപ്ലോമ ഇൻ മൂവി ക്യാമറ പ്രൊഡക്ഷൻ മൂന്നാം ബാച്ച് കോഴ്സിലേക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

താൽപ്പര്യമുള്ളവർ 2026 മാർച്ച് 15 നു മുൻപ് യോഗ്യത സർട്ടിഫിക്കറ്റുകൾ (എസ്എസ്എൽസി, പ്ലസ് ടു) ആധാർ കാർഡ്, എന്നിവയുടെ ഒറിജിനലും കോപ്പിയും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ എറണാകുളം കാക്കനാടുള്ള കേരള മീഡിയ അക്കാദമി ആസ്ഥാന മന്ദിരത്തിൽ നേരിട്ട് ഹാജരാകാം. ഫോൺ 0484- 2422275, 9447607073.

# കിഷോറിലൂടെ അയ്യപ്പന്റെ കൈ ഇനിയും പ്രവർത്തിക്കും



**കൊച്ചി:** 2025ലെ പുതുവർഷാഘോഷത്തിനിടെ പടക്കം പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ നഷ്ടപ്പെട്ട വലതു കൈ, മറ്റൊരാളുടെ കരുതലിലൂടെ തിരികെ കിട്ടിയ സന്തോഷത്തിൽ പത്തനംതിട്ട പെരുനാട് സ്വദേശി കിഷോർ (47) വീട്ടിലേക്ക് മടങ്ങി. ബൈക്ക് അപകടത്തെ തുടർന്ന് ഫെബ്രുവരി 9 ന് മസ്തിഷ്ക മരണം സംഭവിച്ച മുൻ ഐഎസ്ആർഒ ഉദ്യോഗസ്ഥൻ പി. അയ്യപ്പന്റെ (75) വലതു കൈയാണ് കൊച്ചി അമൃത ആശുപത്രിയിൽ വെച്ച് കിഷോറിന് വിജയകരമായി വെച്ചുപിടിപ്പിച്ചത്. ശസ്ത്രക്രിയയ്ക്കും, ഒരു മാസം നീണ്ട ചികിത്സയ്ക്കും ശേഷം വ്യാഴാഴ്ചയാണ് അദ്ദേഹം അമൃത ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ആയത്.

2025 ജനുവരി ഒന്നിന് പുതുവർഷാഘോഷത്തിനിടെ പടക്കം പൊട്ടിത്തെറിച്ചുള്ള അപകടത്തിലാണ് കിഷോറിന് വലതു കൈ നഷ്ടമായത്. ജീവിതം വഴിമുട്ടി നിന്ന സാഹചര്യത്തിലാണ് അവയവദാനത്തിലൂടെ അയ്യപ്പന്റെ കൈകൾ കിഷോറിന് പുതുജീവൻ നൽകിയത്. കഴിഞ്ഞ ഫെബ്രുവരി അഞ്ചിന് ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുന്നതിനിടെയുണ്ടായ ബൈക്ക് അപകടത്തിലാണ് പൂണിത്തുറ അമൃതഗിരി വീട്ടിൽ പി. അയ്യപ്പന് ഗുരുതരമായി പരിക്കേറ്റത്. തുടർന്ന് കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹത്തിന് ഫെബ്രുവരി ഒൻപതിന് മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയായിരുന്നു. കടുത്ത ദുഃഖത്തിനിടയിലും അവയവദാനമെന്ന മഹത്തായ തീരുമാനത്തിന് അയ്യപ്പന്റെ മക്കളായ ധന്യയും ധനേഷും മുന്നോട്ടുവന്നു. അമൃത ആശുപത്രിയിലെ ബ്ലഡ് ബാങ്ക് ജീവനക്കാരിയായ ധന്യയ്ക്ക് അവയവദാനത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധ്യമുണ്ടായിരുന്നത് ഈ തീരുമാനത്തിന് കരുത്തേകി. ഇന്ത്യയിലെ ആദ്യ കൈമാറ്റ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ പ്രശസ്ത സർജൻ ഡോ. സുബ്രഹ്മണ്യ അയ്യരുടെ നേതൃത്വത്തിൽ 18 മണിക്കൂർ നീണ്ട സങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെയാണ് കിഷോറിന് കൈ വെച്ചുപിടിപ്പിച്ചത്. ശസ്ത്രക്രിയയിൽ ഡോ. കിഷോർ. പി, ഡോ. സാം തോമസ് എന്നിവരും പങ്കാളികളായി. സർക്കാർ ഏജൻസിയായ കെസോട്ടോ വഴിയാണ് അവയവദാന നടപടികൾ പൂർത്തിയാക്കിയത്. അമൃത ആശുപത്രി കൊച്ചിയിലും ഫരീദാബാദിലുമായി നടത്തിയ ഇരുപത്തി രണ്ടാമത്തെ കൈമാറ്റിവെക്കൽ ശസ്ത്രക്രിയയാണിതെന്നും മഹത്തരമായ അവയവദാനത്തിലൂടെ ഓരോരുത്തർക്കും പുതിയ ജീവിതമാണ് ഉണ്ടാവുന്നതെന്നും ഡോ.സുബ്രഹ്മണ്യ അയ്യർ പറഞ്ഞു.

# ഉപഭോക്താക്കൾ അവകാശങ്ങൾ തിരിച്ചറിയണം: ഡി.ബി. ബിനു

**കൊച്ചി:** ആധുനിക കാലഘട്ടത്തിൽ നേരിട്ടും ഓൺലൈൻ വഴിയും സാധനങ്ങളും സേവനങ്ങളും വാങ്ങുന്ന ഓരോ ഉപഭോക്താവും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് കൃത്യമായ ബോധമുള്ളവരായിരിക്കണമെന്ന് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി. ബിനു. ഇടക്കൊച്ചി അക്വിനാസ് കോളേജിൽ കൺസ്യൂമർ ക്ലബ്ബിന്റെ ഉദ്ഘാടനവും ഉപഭോക്തൃ ബോധവൽക്കരണ ക്ലാസും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വാങ്ങുന്ന ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വ്യക്തമായ വിവരം അറിഞ്ഞിരിക്കേണ്ടത് ഓരോ ഉപഭോക്താവിന്റെയും കടമയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിനോടനുബന്ധിച്ച് ഉപഭോക്തൃ സംരക്ഷണ നിയമത്തെക്കുറിച്ചുള്ള ലഘുപുസ്തകം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം




ചെയ്തു. ഉപഭോക്തൃ അവബോധത്തോടൊപ്പം 'റെസ്പോൺസിബിൾ ഫ്രണ്ട്ഷിപ്പ്' എന്ന സന്ദേശമുയർത്തി ലഹരിവിരുദ്ധ ബോധവൽക്കരണവും ചടങ്ങിൽ സംഘടിപ്പിച്ചു. വിമുക്തി മുൻ ജില്ലാ കോ-ഓഡിനേറ്റർ വി.ടി. ജോബ് ലഹരിവിരുദ്ധ ക്ലാസ് നയിച്ചു. വൃക്ഷവൽക്കരണത്തിന്റെ ഭാഗമായി കോളേജ് ക്യാമ്പസിൽ വൃക്ഷത്തൈകൾ നടുകയും വിതരണം ചെയ്യുകയും ചെയ്തു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. ജോസഫ് ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ഡോ. ടാനിയ ജോൺ, കൺസ്യൂമർ ക്ലബ് കോർഡിനേറ്റർ ഡോ. ഫിയോണ ഷീനു ഫ്രാൻസിസ്, ഫിഫി ജോസഫ് എന്നിവർ സംസാരിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ റവ. ഫാ. അനിൽ ഫിലിപ്പ്, കൊച്ചി സിറ്റി റേഷനിംഗ് ഓഫീസർ ബാലകൃഷ്ണൻ, പരിവർത്തൻ പ്രതിനിധി ഷൈപ്പ് ജോസഫ്, ഹരിത കേരളം മിഷൻ കോർപ്പറേഷൻ കോ ഓർഡിനേറ്റർ നിസ നിഷാദ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# കളരിപ്പയറ്റ് മഹോത്സവം: മണിക്കക്കോട് പേയ്യമ്പള്ളി കളരി സംഘം ജേതാക്കൾ

**കൊച്ചി:** പരമ്പരാഗത യുദ്ധകലയായ കളരിപ്പയറ്റിനെ പ്രോത്സാഹിപ്പിക്കുന്നതിനായി കണ്ണൂരിൽ സംഘടിപ്പിച്ച കളരിപ്പയറ്റ് ഗ്രാൻഡ് മഹോത്സവത്തിൽ മണിക്കക്കോട് പേയ്യമ്പള്ളി കളരി സംഘം ജേതാക്കളായി. എംജിഎസ് കളരി സംഘം, കുഞ്ഞിപ്പള്ളി രണ്ടാം സ്ഥാനവും ദ്രോണാചാര്യ ഹിന്ദുസ്ഥാൻ കളരി സംഘം, ആറാം മയിൽ മൂന്നാം സ്ഥാനവും നേടി.

180 മത്സരാർത്ഥികൾ 15 ടീമുകളായി അണി നിരന്ന മൽസരത്തിൽ ഒരോ ടീമും 20 മിനിറ്റ് ദൈർഘ്യമുള്ള പ്രകടനങ്ങൾ അവതരിപ്പിച്ചു. ഉഷ ഇന്റർനാഷണലിന്റെ പിന്തുണയോടെ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയും ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളും ചേർന്നാണ് സ്കൂൾ



ക്യാമ്പസിൽ പരിപാടി സംഘടിപ്പിച്ചത്. പരമ്പരാഗത കായികകലകളെ സംരക്ഷിക്കാനും യുവതലമുറയെ പ്രോത്സാഹിപ്പിക്കാനും ഇത്തരം സംരംഭങ്ങൾ സഹായകരമാണെന്ന് ഉഷ ഇന്റർനാഷണൽ അധികൃതർ അറിയിച്ചു.

# സംസ്കൃത സർവകലാശാലയിൽ ദ്വിദിന അന്തർദേശീയ സെമിനാർ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഹിന്ദി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയും സമകാലിക നോവലുകൾ: മഹത്വവും വെല്ലുവിളികളും' എന്ന വിഷയത്തിൽ ദ്വിദിന അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുന്നു.

സമകാലിക ഹിന്ദി നോവലുകളുടെ സാഹിത്യപരമായ വളർച്ച, സാമൂഹിക പ്രസക്തി, അവ നേരിടുന്ന വിവിധ വെല്ലുവിളികൾ എന്നിവയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന സെമിനാറിൽ ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ സാഹിത്യകാരന്മാരും ഗവേഷകരും പങ്കെടുക്കും. ഡോ. രോഹിണി അഗർവാൾ സെമിനാർ ഉദ്ഘാടനം ചെയ്യും.

ഹിന്ദിയിലെ പ്രശസ്ത വിവർത്തകയും സാഹിത്യകാരിയുമായ ദിവ്യ മാഥുർ (യു. കെ.), ഒസാക്ക യൂണിവേഴ്സിറ്റിയിലെ ഡോ. വേദ് പ്രകാശ് സിംഗ് (ജപ്പാൻ), പ്രസിദ്ധ എഴുത്തുകാരിയും നിരൂപകയുമായ ഡോ. രോഹിണി അഗ്രവാൾ, പ്രശസ്ത സാഹിത്യകാരനായ രണേന്ദ്ര, പ്രശസ്ത നിരൂപകനായ ഡോ. ശംഭു ഗുപ്ത് എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയും ചെയ്യും. ഡോ. സുനിത ഗോപാലകൃഷ്ണൻ അധ്യക്ഷയായിരിക്കും.

സെമിനാറിന്റെ ഭാഗമായി ഗവേഷണ പ്രബന്ധാവതരണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കും. സമകാലിക ഹിന്ദി നോവലുകളുടെ വിവിധ സാംസ്കാരിക, സാമൂഹിക സാഹിത്യപരമായ മേഖലകളെകുറിച്ചുള്ള ആഴത്തിലുള്ള ചർച്ചകൾക്ക് ഈ സെമിനാർ വേദിയാകും.

# കൊച്ചി ബിനാലെയുടെ പ്രചാരണവുമായി കൊച്ചി വാട്ടർ മെട്രോ

**കൊച്ചി:** ഹൈക്കോർട്ട് വാട്ടർമെട്രോയിൽ നിന്ന് മട്ടാഞ്ചേരിയിലേക്കും ഫോർട്ട് കൊച്ചിയിലേക്കുമുള്ള വാട്ടർമെട്രോ യാത്രതന്നെ കൊച്ചി മുസിരിസ് ബിനാലെയുടെ ദൃശ്യാനുഭവമായി മാറുന്നു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ വാട്ടർ മെട്രോയുമായി സഹകരിച്ച് നഗരത്തിന്റെ പൊതുഗതാഗത ശൃംഖലയെ ബിനാലെയുടെ ദൃശ്യാവിഷ്കാരങ്ങളുടെ പ്രചാരണമാക്കുകയാണ് പുതിയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

'ഫോർ ദ ടൈം ബീയിംഗ്' എന്ന പ്രമേയത്തിൽ നടക്കുന്ന ബിനാലെ ആറാം ലക്കത്തിൽ വാട്ടർ മെട്രോ ബോട്ടുകൾ സന്ദർശകരുടെ പ്രധാന ആകർഷണമായി മാറിക്കഴിഞ്ഞു. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വെല്ലിംഗ്ടൺ ഐലൻഡ് എന്നിവിടങ്ങളിലെ ബിനാ




ലെ വേദികളെ ബന്ധിപ്പിക്കുന്ന ഈ യാത്ര തന്നെ ബിനാലെയുടെ നേർക്കാഴ്ചയാക്കുന്നതിനായി ക്യൂ ആർ കോഡുകളും ബിനാലെയുടെ ചെറുവീഡിയോകളും നൽകിയതിലൂടെ സംഘാടകർ ശ്രമിക്കുന്നത്. ഫോർട്ട് കൊച്ചി വാട്ടർ മെട്രോ ടെർമിനൽ തന്നെ നിലവിൽ ബിനാലെയുടെ 'എബിസി' (ആർട്ട് ബൈ ചിൽഡ്രൻ) പദ്ധതിയുടെ വേദിയാണ്. കുട്ടികൾക്കായി വിവിധ കലാരൂപങ്ങൾ പരിചയപ്പെടുത്തുന്ന വർക്ക്ഷോപ്പുകൾ ഇവിടെ നടക്കുന്നു. വാട്ടർ മെട്രോയിലെ യാത്രയിലൂടെ ബിനാലെയിൽ എന്തൊക്കെയാണ് കാണാനുള്ളതെന്നതിന്റെ മുൻധാരണ ലഭിക്കുമെന്ന് കോഴിക്കോട് സ്വദേശിയായ ബൈജു ശ്രീധർ പറഞ്ഞു.

സുസ്ഥിര ഗതാഗത സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കൊച്ചിയുടെ സാംസ്കാരിക ടൂറിസം വികസിപ്പിക്കാനും ഈ സഹകരണം സഹായിക്കുന്നു. സാധാരണ നഗരങ്ങളിൽ റോഡ് മാർഗ്ഗം ഗാലറികളിൽ നിന്ന് ഗാലറികളിലേക്ക് പോകുമ്പോൾ, കൊച്ചിയിൽ അത് ജലമാർഗത്തിലൂടെയാണെന്നത് കൊച്ചി ബിനാലെയുടെ പ്രത്യേകതയാണെന്ന് വിദേശ സന്ദർശകനായ അബിസ് ബിഷാര പറഞ്ഞു. കൊച്ചിയുടെ ഭൂപ്രകൃതിയും ചരിത്രവുമായുള്ള അഭേദ്യബന്ധമാണ് ഇത് കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ഇന്ത്യയിൽ നദീതീര ലൈറ്റ് ഹൗസുകൾ ഉയരുന്നു; ശിലാസ്ഥാപനം നടന്നു

**കൊച്ചി:** ഇന്ത്യയിൽ ആദ്യമായി, ഒരു ഉൾനാടൻ ജലപാതയിൽ ലൈറ്റ് ഹൗസ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമായി. ബ്രഹ്മപുത്ര നദിയുടെ തീരത്തുള്ള നാല് നദീതീര ലൈറ്റ് ഹൗസുകൾ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ ശിലാസ്ഥാപനം നിർവഹിച്ചു. സമിലെ ദിബ്രുഗഢ് ജില്ലയിലെ ബോഗിബീൽ, കാംരൂപ് ജില്ലയിലെ പാണ്ഡു, നാഗോൺ ജില്ലയിലെ സിൽഘട്ട്, ബിശ്വനാഥ് ജില്ലയിലെ ബിശ്വനാഥ് ഘട്ട് എന്നിവയാണ് നദീതീര ലൈറ്റ് ഹൗസുകൾക്കായി തറക്കല്ലിട്ട നാല് സ്ഥലങ്ങൾ. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഉൾനാടൻ ചരക്ക്, യാത്രാ ഇടനാഴികളിൽ ഒന്നാണ് ബ്രഹ്മപുത്ര നദി, അഥവാ ദേശീയ ജലപാത 2. നാലു ലൈറ്റ് ഹൗസുകളുടെയും സംയോജിത പദ്ധതി ചെലവ് ഏകദേശം 84 കോടി രൂപയാണ്. ഓരോ ലൈറ്റ് ഹൗസും 20 മീറ്റർ ഉയരത്തിലുള്ളതും, 14 നോട്ടിക്കൽ മൈൽ ഭൂമിശാസ്ത്ര പരിധിയും, 810 നോട്ടിക്കൽ മൈൽ പ്രകാശ പരിധിയുമുള്ളവയാണ്. ഇവ പൂർണ്ണമായും സൗരോർജ്ജത്താൽ പ്രവർത്തിക്കും. ലൈറ്റ് ഹൗസുകൾക്കൊപ്പം, മ്യൂസിയം, ആംഫി തിയേറ്റർ, കഫറ്റീരിയ, കുട്ടികളുടെ കളിസ്ഥലം, സുവനീർ ഷോപ്പ്, ലാൻഡ്സ്കേപ്പ് ചെയ്ത പൊതു ഇടങ്ങൾ എന്നിവയും ഉണ്ടായിരിക്കും. ഉൾനാടൻ ജലഗതാഗത അതോറിട്ടിയുടെ കണക്കുകൾ പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ ബ്രഹ്മപുത്ര ജലപാതയിലെ ഗതാഗത യാനങ്ങൾ, ചരക്ക് ഗതാഗതം എന്നിവയിൽ 53 ശതമാനം വർധനവാണുണ്ടായിട്ടുള്ളത്. ദേശീയ ജലപാതയിലെ ചരക്ക് ഗതാഗതം പ്രതിവർഷം 810 ശതമാനം എന്ന നിലയിൽ സ്ഥിരമായി വളർന്നു, കൂടാതെ ബ്രഹ്മപുത്ര ജല ഇടനാഴി ഇപ്പോൾ അസമിലെ തേയില, കൽക്കരി, വളം വ്യവസായങ്ങൾക്ക് സേവനം നൽകുന്ന വിതരണ ശൃംഖലകളിൽ അവിഭാജ്യ ഘടകമാണ്. പുതിയ നദീതീര ലൈറ്റ് ഹൗസുകൾ സുരക്ഷിത യാത്ര പ്രാപ്തമാക്കുകയും, കാലാവസ്ഥാ നിരീക്ഷണ സെൻസറുകൾക്കു സഹായകമാവുകയും ചെയ്യും.ഉൾനാടൻ ജലപാതകൾ റോഡ്‌വേകൾക്കും റെയിൽവേകൾക്കും ഒരു ബദൽ മാത്രമല്ല. മറിച്ച് നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ശക്തി പകരുന്നതിനായി അവയെ ശക്തിപ്പെടുത്തുകയും പ്രാപ്തമാക്കുകയും ചെയ്യുന്നുവെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. ജലമാർഗ്ഗം കൊണ്ടുപോകുന്ന ഒരു ടൺ ചരക്കിന് റോഡ് ഗതാഗതം ആവശ്യപ്പെടുന്നതിന്റെ ചെറിയ ശതമാനം മാത്രമാണ് ചിലവാകുക. ഇതിനു പുറമെ, കാർബൺ ബഹിർഗമനം കുറയ്ക്കുകയും ചെയ്യുന്നു. യാത്രക്കാർക്കും അത്യാവശ്യവസ്തുക്കളുടെ നീക്കത്തിനുമായി ഇതു ഹൈവേകളെ സ്വതന്ത്രമാക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ നദികൾ 24 മണിക്കൂറും വ്യാപാരത്തിനായി തുറന്നിരിക്കുന്നു എന്ന പ്രസ്താവന കൂടിയാണ് ബ്രഹ്മപുത്രയിൽ ഒരുങ്ങുന്ന ലൈറ്റ് ഹൗസുകൾ.

# ന്യൂജെൻ കോഴ്സുകൾ ആരംഭിക്കും: പ്രൊഫ. സിസ തോമസ്

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പാരമ്പര്യത്തെയും ആധുനികതയെയും കൂട്ടിച്ചേർത്തുകൊണ്ടുള്ള പദ്ധതികളും കോഴ്സുകളും ആവിഷ്ക്കരിക്കുമെന്ന് സർവ്വകലാശാലയുടെ പുതിയ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കാലാനുസൃതമായ രീതിയിൽ സംസ്കൃത ഭാഷയുടെയും സർവ്വകലാശാലയുടെയും തനിമ നിലനിർത്തിക്കൊണ്ട് ന്യൂജൻ കോഴ്സുകൾ ആരംഭിച്ച് അന്താരാഷ്ട്ര തലത്തിൽ സർവ്വകലാശാലയിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാൻ ശ്രമിക്കും. സംസ്കൃതത്തിന്റെ പാരമ്പര്യജ്ഞാനത്തെ, ആധുനിക ശാസ്ത്രത്തോടും സാങ്കേതിക വിദ്യയോടും ബന്ധിപ്പിക്കുന്ന പഠനങ്ങളെ പ്രോത്സാഹിപ്പിക്കും. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണ പദ്ധതികളും കോഴ്സുകളും ആരംഭിക്കത്തക്ക വിധത്തിൽ സർവ്വകലാശാലയുടെ അക്കാദമിക നിലവാരം ശക്തിപ്പെടുത്തുമെന്നും പ്രൊഫ. സിസ തോമസ് പറഞ്ഞു. സംസ്കൃത സർവ്വകലാശാല നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിശോധിച്ച്, പരിഹരിക്കുന്നതിനായി സർക്കാരിന്റെ സഹായം തേടും. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവുമായി സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യും. സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കുന്നതിന് നടപടികൾ സ്വീകരിക്കും. തോറ്റ ബി. എഫ്. എ. വിദ്യാർത്ഥിയെ ജയിപ്പിച്ച നടപടി പരിശോധിക്കും. പുതുതലമുറ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും പ്രൊഫ. സിസ തോമസ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഫുൾലൈൻ ഹാർലിഡേവിഡ്സൺ ഡീലർഷിപ്പുകൾ തുറക്കും




**കൊച്ചി :** ഇന്ത്യയിലെ പ്രീമിയം നെറ്റ് വർക്ക് വിപുലീകരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഹാർലിഡേവിഡ്സണും ഹീറോ മോട്ടോകോർപ്പും കൊച്ചിയിലും ബംഗളൂരുവിലും പുതിയ ഫുൾലൈൻ ഹാർലിഡേവിഡ്സൺ ഡീലർഷിപ്പുകൾ തുറക്കും. ഇതോടെ രാജ്യത്തൊട്ടാകെ, ഫുൾലൈൻ ഡീലർഷിപ്പുകളുടെ എണ്ണം 22 ആയി ഉയർന്നു. പുതിയ ഡീലർഷിപ്പുകൾ ഇന്ത്യയിലെ ഹാർലിഡേവിഡ്സൺ ഉൽപ്പന്ന നിരയുടെ പൂർണ്ണ വിൽപ്പന നടത്തും. ആഗോളതലത്തിൽ ഉത്പാദിപ്പിക്കുന്ന സിബിയു(കംപ്ലീറ്റ്ലി ബിൽറ്റ് യൂണിറ്റ്) മോഡലുകളും ഹീറോ മോട്ടോകോർപ്പ് നിർമ്മിച്ച ഹാർലിഡേവിഡ്സൺ എക്സ്440, എക്സ്440 ടി വകഭേദങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഉപഭോക്താക്കൾക്ക് മുഴുവൻ ഹാർലിഡേവിഡ്സൺ ശ്രേണിയും ഒരു മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാകും. ഡീലർഷിപ്പ് ഉദ്ഘാടനത്തിന്റെ ഭാഗമായി ഹാർലി ഡേവിഡ്സണും ഹീറോ മോട്ടോകോർപ്പും സംയുക്തമായി നടത്തുന്ന ഉദ്ഘാടന റൈഡ് കൊച്ചിയിൽ മാർച്ച് 31ന് നടക്കും. പുതിയ ഡീലർഷിപ്പുകൾ ആരംഭിക്കുന്നതിലൂടെ ലോകത്തിലെ ഏറ്റവും വലിയ ഫാക്ടറി സ്പോൺസർ ചെയ്ത മോട്ടോർസൈക്കിൾ ക്ലബ്ബായ ഹാർലി ഓണേഴ്സ് ഗ്രൂപ്പിന്റെ എണ്ണം ഇന്ത്യയിൽ 33 ആകും.

# കെ.എം.എ മാനേജ്മെന്റ് വീക്കിന് തുടക്കം




**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്റെ മാനേജ്മെന്റ് വീക്ക് 2026ന് തുടക്കമായി. മാർച്ച് 13 വരെ വ്യത്യസ്ത പരിപാടികളുമായാണ് മാനേജ്മെന്റ് വീക്ക് 2026 നടപ്പാക്കുന്നത്. മാനേജ്മെന്റ് വാരാഘോഷം എറണാകുളം ജില്ലാ കളക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ പരസ്പരം പിന്തുണയ്ക്കണമെന്ന് വനിതാദിന സന്ദേശത്തിൽ കളക്ടർ പറഞ്ഞു. ഒരു സ്ത്രീയുടെ വിജയത്തിലും പരാജയത്തിലും മറ്റൊരു സ്ത്രീ അവളുടെ കൂടെ നിൽക്കണം. കേരളത്തിൽ വിദ്യാഭ്യാസത്തിലും ആരോഗ്യരംഗത്തും സ്ത്രീകൾ മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ ശക്തരായി വളർന്നിട്ടുണ്ട്. എന്നാൽ ഈ വിദ്യാഭ്യാസവും ആരോഗ്യരംഗത്തിലെ പുരോഗതിയും പലപ്പോഴും സാമ്പത്തിക സ്വാതന്ത്ര്യമായി മാറുന്നില്ലെന്നും കളക്ടർ ചൂണ്ടിക്കാട്ടി. സ്ത്രീകൾ ആരോഗ്യ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും അമിത ചിന്ത ഒഴിവാക്കുകയും വേണമെന്നും കളക്ടർ ആവശ്യപ്പെട്ടു. എല്ലാ നിമിഷവും സന്തോഷത്തോടെ ജീവിക്കാൻ പഠിക്കണമെന്നും ജി. പ്രിയങ്ക പറഞ്ഞു. കെ എം എ ഹൗസിൽ സൗജന്യ ആരോഗ്യ പരിശോധന, കെ എം എ വർമ ഹോംസ് സ്റ്റുഡന്റ് സ്കോളർഷിപ്പ് ലോഞ്ച് എന്നിവയും നടന്നു. വർമ ഹോംസ് സ്റ്റുഡന്റ്സ് സ്കോളർഷിപ്പ് ഡോ. മിനി വർമയിൽ നിന്നും ജില്ലാ കലക്ടർ ജി. പ്രിയങ്ക സ്വീകരിച്ചു. കെ എം എ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. മാനേജ്മെന്റ് വീക്ക് ചെയർ ഡോ. അനിൽ ജോസഫ്, ഹോണററി സെക്രട്ടറി കെ. അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു. മാർച്ച് 11ന് വൈകിട്ട് ആറരയ്ക്ക് ഇൻസൈറ്റ് എക്സ് സെഷനിൽ സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറി ജനറൽ ഡോ. കെ. എൻ രാഘവൻ സംസാരിക്കും. മാർച്ച് 12ന് വൈകിട്ട് ആറരയ്ക്ക് റീൽ ട്രൈബ് സഹസ്ഥാപകൻ ബിനു ബാലനും പ്രൊഫസറും കോളമിസ്റ്റും ഇന്റർനാഷണൽ അഫയേഴ്സ് അനലിസ്റ്റുമായ നിർമൽ അബ്രഹാമും ചേർന്നുള്ള ഇൻ കോൺവർസേഷൻ അരങ്ങേറും. മാർച്ച് 13ന് രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് മണി വരെ മറൈൻഡ്രൈവ് താജ് വിവാന്തയിൽ കെ എം എ വിമെൻ ലീഡർഷിപ്പ് കോൺക്ലേവ് 2026 ഗിവ് ടു ഗെയിനും കെ.എം.എ വാരാഘോഷ സമാപനവും നടക്കും.

# പുരസ്കാരം സ്വന്തമാക്കി മാൻ കാൻകോർ




**കൊച്ചി:** വ്യവസായ സുരക്ഷാ രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കായി നൽകുന്ന സംസ്ഥാന ഇൻഡസ്ട്രിയൽ സേഫ്റ്റി അവാർഡും ശ്രേഷ്ഠ സുരക്ഷാ പുരസ്കാരവും മാൻ കാൻകോർ കരസ്ഥമാക്കി. 2026 മാർച്ചിൽ നടന്ന 55ാമത് ദേശീയ സുരക്ഷാ ദിനാഘോഷങ്ങളുടെ ഭാഗമായാണ് ഈ നേട്ടങ്ങൾ കമ്പനിയെ തേടിയെത്തിയത്. സംസ്ഥാന ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഏർപ്പെടുത്തിയ 'കേരള സംസ്ഥാന ഇൻഡസ്ട്രിയൽ സേഫ്റ്റി അവാർഡ് 2025' വൻകിട വ്യവസായ വിഭാഗത്തിലാണ് മാൻ കാൻകോർ നേടിയത്. മന്ത്രി വി. ശിവൻകുട്ടി അവാർഡ് സമ്മാനിച്ചു. ലേബർ ആൻഡ് സ്കിൽസ് സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡയറക്ടർ പി. പ്രമോദ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. നാഷണൽ സേഫ്റ്റി കൗൺസിൽ (കേരള ചാപ്റ്റർ) നൽകുന്ന 'ശ്രേഷ്ഠ സുരക്ഷാ പുരസ്കാരം 2025' ഉം വൻകിട വ്യവസായ വിഭാഗത്തിൽ തന്നെയാണ് കമ്പനി സ്വന്തമാക്കിയത്. ഫാക്ട് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എസ്. ശക്തിമണിയിൽ നിന്ന് മാൻ കാൻകോർ ഉദ്യോഗസ്ഥർ അവാർഡ് ഏറ്റുവാങ്ങി. സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ജീവനക്കാരെ ഇതിൽ സജീവമായി പങ്കാളികളാക്കുന്നതിനും മാൻ കാൻകോർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ് ഈ അംഗീകാരങ്ങളെന്ന് മാൻ കാൻകോർ സി.ഇ.ഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. ജീമോൻ കോര പറഞ്ഞു.

# ആരോഗ്യ ഇൻഷുറൻസിനോട് സ്ത്രീകൾക്ക് താൽപ്പര്യം വർധിക്കുന്നതായി റിപ്പോർട്ട്

**കൊച്ചി :** രാജ്യത്തെ സ്ത്രീകൾ ചെറുപ്പത്തിൽ തന്നെ ആരോഗ്യ ഇൻഷുറൻസ് വാങ്ങാൻ കൂടുതൽ മുന്നോട്ട് വരുന്നതായി നിവ ബുപ ഹെൽത്ത് ഇൻഷുറൻസ് പുറത്തിറക്കിയ പുതിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചാണ് ഈ പഠന റിപ്പോർട്ട് പുറത്തിറക്കിയത്. 2021ൽ ഇൻഷുറൻസ് ലഭിച്ചവരിൽ സ്ത്രീകളുടെ പങ്ക് 31 ശതമാനമായിരുന്നപ്പോൾ 2025ഓടെ ഇത് 41 ശതമാനമായി ഉയർന്നതായി റിപ്പോർട്ട് പറയുന്നു. തിരുവനന്തപുരം, തൃശൂർ, എറണാകുളം തുടങ്ങിയ നോൺമെട്രോ നഗരങ്ങളിൽ സ്ത്രീകൾ ആരോഗ്യ ഇൻഷുറൻസ് സ്വീകരിക്കുന്നതിൽ വേഗത്തിലുള്ള വളർച്ചയാണ് രേഖപ്പെടുത്തുന്നത്. മൊത്തം ഇൻഷുറൻസ് ലഭിച്ചവരിൽ ഏകദേശം 40 ശതമാനം സ്ത്രീകളാണ്. മാതൃത്വ ചികിത്സ, കാൻസർ, മസ്കുലോസ്കെലെറ്റൽ ചികിത്സകൾ തുടങ്ങിയ മേഖലകളിലാണ് കൂടുതൽ ക്ലെയിമുകൾ രേഖപ്പെടുത്തിയതെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

# വനിതാ പ്രാതിനിധ്യം 35 ശതമാനമായി ഉയർത്താൻ ലക്ഷ്യമിട്ട് വേദാന്ത

**കൊച്ചി:** വേദാന്ത ഗ്രൂപ്പ് സ്ഥാപനത്തിന്റെ എല്ലാ മേഖലകളിലും വനിതാ പ്രാതിനിധ്യം 35 ശതമാനമായി ഉയർത്തുമെന്ന് കമ്പനി അധികൃതർ പ്രഖ്യാപിച്ചു. ഖനനം, ലോഹങ്ങൾ, ഓയിൽ ആന്റ് ഗ്യാസ്, പവർ, ടെക്നോളജി എന്നീ മേഖലകളിൽ സ്ത്രീകളെ കരിയർ കെട്ടിപ്പടുക്കാൻ ക്ഷണിച്ചുകൊണ്ട് Her At The Core എന്ന രാജ്യവ്യാപക കാമ്പയിനും ലിങ്ക്ഡ്ഇൻ വഴിയുള്ള ക്രൂട്ട്മെന്റ് ഡ്രൈവും കമ്പനിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. വ്യവസായ മേഖലയിലെ നിലവിലെ പരിതാപകരമായ സാഹചര്യങ്ങൾക്കിടയിലാണ് ഈ പ്രഖ്യാപനം. രാജ്യത്തെ ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് പ്രകാരം 2023–24 കാലയളവിൽ വിവിധ വ്യവസായങ്ങളിലെ നേരിട്ടുള്ള തൊഴിൽ പങ്കാളിത്തത്തിൽ സ്ത്രീകളുടെ പങ്കളിത്തം ഏകദേശം 18 ശതമാനം മാത്രമായിരുന്നു. എന്നാൽ ഖനനം, ലോഹങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിൽ ഇത് വെറും 6 ശതമാനം മാത്രമാണ്. ഇന്ത്യയുടെ വളർച്ചാലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് രാജ്യത്തെ മുഴുവൻ പ്രതിഭകളുടെയും പങ്കാളിത്തം ആവശ്യമാണ്. വേദാന്തയിൽ ഇന്ന് സ്ത്രീ പ്രാതിനിധ്യം 23 ശതമാനമാണ് എന്നാൽ ഇത് ഒരു തുടക്കം മാത്രമാണ്. ഇത് 35 ശതമാനമായും പിന്നീട് 50 ശതമാനമായും ഉയർത്തുക എന്നതാണ് ലക്ഷ്യമെന്ന് വേദാന്ത ലിമിറ്റഡ് നോൺ എക്സിക്യൂട്ടീവ് ഡയറക്ടറും ഹിന്ദുസ്ഥാൻ സിങ്ക് ലിമിറ്റഡ് ചെയർപേഴ്സണുമായ പ്രിയ അഗർവാൾ ഹെബ്ബാർ പറഞ്ഞു.

# ഇന്റർ ഹോസ്പിറ്റൽ ക്രിക്കറ്റ് ടൂർണമെന്റ്: വി.പി.എസ് ലേക്ഷോർ ചാമ്പ്യന്മാർ

**കൊച്ചി:** കുഫോസ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഇന്റർ ഹോസ്പിറ്റൽ ക്രിക്കറ്റ് ടൂർണമെന്റിൽ ആതിഥേയരായ കൊച്ചി വി.പി.എസ് ലേക്ഷോർ ചാമ്പ്യന്മാരായി. ഫൈനലിൽ അമൃത ആശുപത്രി ടീമിനെ പരാജയപ്പെടുത്തിയാണ് വി.പി.എസ് ലേക്ഷോർ വിജയിച്ചത്. അഞ്ച് ഓവറായി ചുരുക്കിയ ഫൈനൽ മത്സരത്തിൽ ആദ്യം ബാറ്റിങ്ങിനിറങ്ങിയ അമൃത ടീം നാല് വിക്കറ്റിന് 53 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ വി.പി.എസ് ലേക്ഷോർ 3.2 ഓവറിൽ ഒരുവിക്കറ്റിന് വിജയം കൈപിടിയിലൊതുക്കുകയായിരുന്നു. എറണാകുളം ലിസി ഹോസ്പിറ്റൽ, ഡോ. ഷേണോയീസ് കെയർ, സൺറൈസ് ആശുപത്രി, മേഴ്സി ഹോസ്പിറ്റൽ തലയോലപ്പറമ്പ്, എറണാകുളം മെഡിക്കൽ ട്രസ്റ്റ്, രാജഗിരി ആശുപത്രി, ആസ്റ്റർ മെഡ്സിറ്റി, പാലാ മാർസ്ലീവ മെഡ്സിറ്റി, എം.എ.ജി.ജെ ഹോസ്പിറ്റൽ അങ്കമാലി, വെൽകെയർ ഹോസ്പിറ്റൽ എറണാകുളം എന്നീ ടീമുകളും മത്സരത്തിനുണ്ടായിരുന്നു.

# ബാങ്ക് ഓഫ് ബറോഡ 10,000 കോടി സമാഹരിച്ചു

**കൊച്ചി:** ദീർഘകാല ഗ്രീൻ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകളുടെ ആദ്യ പരമ്പരയിലൂടെ ബാങ്ക് ഓഫ് ബറോഡ 10,000 കോടി രൂപ സമാഹരിച്ചു. ഇതോടെ ആഭ്യന്തര ഗ്രീൻ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ സമാഹരിക്കുന്ന ഇന്ത്യയിലെ ആദ്യ ബാങ്കായി ബാങ്ക് ഓഫ് ബറോഡ മാറിയതായി ബാങ്ക് ഓഫ് ബറോഡയുടെ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. ദേബദത്ത ചന്ദ് പറഞ്ഞു. 7.10 ശതമാനം എന്ന മത്സരക്ഷമമായ കൂപ്പൺ നിരക്കിലാണ് ഇതു സമാഹരിച്ചത്. അടിസ്ഥാന ഇഷ്യു തുക 5000 കോടി രൂപയായിരുന്ന ഇഷ്യുവിന് ആവേശകരമായ പ്രതികരണമാണ് ലഭിച്ചത്. 16,415 കോടി രൂപയുടെ അപേക്ഷകളാണ് ഇതിനു ലഭിച്ചത്. ഇതിൽ അടിസ്ഥാന തുകയ്ക്ക് പുറമെ ഗ്രീൻ ഷൂ ഓപ്ഷൻ പ്രകാരം അധികമായി ലഭിച്ച 5000 കോടി രൂപയും കൈവശം സൂക്ഷിക്കുകയായിരുന്നു. ബാങ്ക് ഓഫ് ബറോഡയെ സംബന്ധിച്ച് നിർണായക നാഴികക്കല്ലാണിതെന്നും ബാങ്കിലുള്ള നിക്ഷേപകരുടെ ശക്തമായ വിശ്വാസം കൂടിയാണിതു വ്യക്തമാക്കുന്നതെന്നും ഡോ. ദേബദത്ത ചന്ദ് പറഞ്ഞു.

# യമഹ എക്സ്എസ്ആർ 155ന്റെ 'മെറ്റാലിക് ബ്ലാക്ക്' വിപണിയിൽ




**കൊച്ചി:** യമഹ മോട്ടോർ ഇന്ത്യ യമഹ എക്സ്എസ് ആർ155 മോട്ടോർ സൈക്കിളിന്റെ പുതിയ 'മെറ്റാലിക് ബ്ലാക്ക്' ഇന്ത്യയിൽ അവതരിപ്പിച്ചു. പുതിയ വേരിയന്റിന്റെ എക്സ്ഷോറൂം വില ഡൽഹിയിൽ 1,58,990 രൂപയാണ്. എക്സ്എസ്ആർ 155 മോഡലിന്റെ കളർ ശ്രേണിയിൽ ഏറ്റവും പുതിയതായി എത്തുന്ന മെറ്റാലിക് ബ്ലാക്ക് പതിപ്പിന് ഗോൾഡൻ യു എസ് ഡി ഫ്രണ്ട് ഫോർക്കുകൾ നൽകിയിരിക്കുന്നത് ബൈക്കിന് കൂടുതൽ പ്രീമിയം ലുക്കും ശക്തമായ റോഡ് പ്രസൻസും നൽകുന്നു. ശക്തമായ ഫ്യൂവൽ ടാങ്ക് ഡിസൈൻ, ലളിതമായ ബോഡി വർക്ക്, റെട്രോ സ്റ്റൈൽ ഡിസൈൻ എന്നിവ ഈ പുതിയ നിറത്തിലൂടെ കൂടുതൽ ഹൈലൈറ്റ് ചെയ്യപ്പെടുന്നു. ഉപഭോക്താക്കളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും അടിസ്ഥാനമാക്കി യമഹ പുതുമകൾ അവതരിപ്പിക്കുകയാണെന്നും എക്സ്എസ്ആർ 155 മോഡലിന് ഇന്ത്യയിൽ ലഭിച്ച മികച്ച സ്വീകരണത്തെ തുടർന്നാണ് കറുപ്പ് വേരിയന്റ് അവതരിപ്പിച്ചതെന്നും ലോഞ്ചിനെ കുറിച്ച് യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പ് ചെയർമാൻ ഹാജിമേ അയോട്ട പറഞ്ഞു. 155സിസി ലിക്വിഡ്കൂൾഡ്, 4വാൽവ് എഞ്ചിനോടുകൂടിയ ഈ ബൈക്കിൽ വേരിയബിൾ വാൽവ് ആക്ച്ചുവേഷൻ (വിവിഎ) സാങ്കേതികവിദ്യ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് 13.5 കിലോവാട്ട് പവറും 14.2 എൻഎം ടോർക്കും ഉത്പാദിപ്പിക്കും. കൂടാതെ ഡെൽടാ ബോക്സ് ഫ്രെയിം, അലുമിനിയം സ്വിംഗ് ആം, യുഎസ്ഡി ഫ്രണ്ട് ഫോർക്കുകൾ, മോണോക്രോസ് റിയർ സസ്പെൻഷൻ, 6സ്പീഡ് ഗിയർബോക്സ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷയ്ക്കായി ഡ്യുവൽചാനൽ എബിഎസും ട്രാക്ഷൻ കൺട്രോൾ സിസ്റ്റവും ഈ മോഡലിൽ ലഭ്യമാണ്.

# മഹീന്ദ്ര ബിഇ 6 ബാറ്റ്മാൻ തിരിച്ചെത്തുന്നു



**കൊച്ചി:** ബിഇ 6 ബാറ്റ്മാൻ എഡിഷൻ വീണ്ടും വിപണിയിലെത്തിച്ച് മഹീന്ദ്ര. വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കിയ ലോകത്തിലെ ആദ്യ ബാറ്റ്മാൻ തീം എസ്‌യുവി ആയ ബിഇ 6 ബാറ്റ്മാൻ എഡിഷന്റെ ആദ്യഘട്ടത്തിലെ 999 യൂണിറ്റുകളും വെറും 135 സെക്കൻഡിനുള്ളിൽ വിറ്റുതീർന്നിരുന്നു. അന്ന് വാഹനം ലഭിക്കാതെ പോയ ആരാധകർ സോഷ്യൽ മീഡിയയിലൂടെ നിരന്തരം ആവശ്യപ്പെട്ടതിനെ തുടർന്നാണ് ബിഇ 6 ബാറ്റ്മാൻ എഡിഷൻ വീണ്ടും വിപണിയിലെത്തിക്കുന്നതെന്ന് മഹീന്ദ്ര അറിയിച്ചു.

വാർണർ ബ്രദേഴ്സ് ഡിസ്കവറി ഗ്ലോബൽ കൺസ്യൂമർ പ്രോഡക്ട്സുമായി സഹകരിച്ച് ക്രിസ്റ്റഫർ നോളന്റെ ദി ഡാർക്ക് നൈറ്റ് ട്രൈലോജിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ബിഇ 6 ബാറ്റ്മാൻ എഡിഷൻ നിർമിച്ചിരിക്കുന്നത്.

മാർച്ച് 10ന് രാവിലെ 11 മുതൽ ഒരേയൊരു ദിവസത്തേക്ക് മാത്രമായിരിക്കും ബിഇ 6 ബാറ്റ്മാൻ എഡിഷന്റെ ബുക്കിങ് പുനരാരംഭിക്കുക. 2026 ഏപ്രിൽ 10 മുതൽ ഡെലിവറി ആരംഭിക്കും. 28.49 ലക്ഷം രൂപയാണ് എക്സ് ഷോറൂം വില. നിലവിലുള്ള ബിഇ 6 ബാറ്റ്മാൻ എഡിഷൻ ഉടമകളോടുള്ള ആദരസൂചകമായി അവർ റെഫർ ചെയ്യുന്ന ബുക്കിങ്ങുകൾക്ക് ഡെലിവറിയിൽ മുൻഗണന നൽകും. ബിഇ 6ന്റെ ഏറ്റവും ഉയർന്ന വേരിയന്റായ പാക്ക് ത്രീ 79 കെഡബ്ല്യുഎച്ച് മോഡലിനെ അടിസ്ഥാനമാക്കിയാണ് ബാറ്റ്മാൻ എഡിഷൻ നിർമിച്ചിരിക്കുന്നത്.

# വനിതാ സംരംഭകത്വത്തിന് പിന്തുണ: കെഫോൺ ടി.എം.എ– ഡബ്ല്യു.ഇ.എൻ ധാരണാപത്രിൽ ഒപ്പിട്ടു



**തിരുവനന്തപുരം:** വനിതാ സംരംഭകരുടെ ഡിജിറ്റൽ ശാക്തീകരണവും സംരംഭകത്വ വികസനവും ലക്ഷ്യമിട്ട് കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ് (കെഫോൺ), തിരുവനന്തപുരം മാനേജ്മെന്റ് അസോസിയേഷൻ (ടി.എം.എ), വിമൺ എൻട്രപ്രണേഴ്സ് നെറ്റ്‌വർക്ക് (ഡബ്ല്യു.ഇ.എൻ) എന്നിവർ തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. കരാറിന് മൂന്ന് വർഷത്തെ കാലാവധിയുണ്ടാകും. കൂട്ടായ്മയുടെ ഭാഗമായി വനിതാ സംരംഭക സംഘടനകൾക്കും വനിതകൾ നേതൃത്വം നൽകുന്ന സ്റ്റാർട്ടപ്പുകൾക്കും കെഫോൺ ശൃംഖലയിലൂടെ ഹൈസ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനും സാങ്കേതിക വിദ്യകൾ ഉപയോഗിക്കുവാൻ സഹായിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പാക്കും.

കൂടാതെ ഡിജിറ്റൽ ടെക്നോളജീസ്, ഇ കൊമേഴ്സ്, ഓൺലൈൻ മാർക്കറ്റിംഗ്, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, അവബോധ ക്യാമ്പയ്നുകൾ എന്നിവയും സംഘടിപ്പിക്കും. കൂടാതെ കെഫോൺ ഇൻഫ്രാസ്ട്രക്ച്ചർ ഉപയോഗപ്പെടുത്തി ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനായി കെഫോൺ എക്സ്ക്ലൂസിവ് 'ഷീ ടീം' ശാക്തീകരണവും ഈ കൂട്ടായ്മ ലക്ഷ്യമിടുന്നു. 'കെഫോണിന്റെ ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വനിതാ സംരംഭകർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും അവരുടെ സംരംഭങ്ങളെ വിപുലീകരിക്കാനും സാമ്പത്തിക വളർച്ചയിൽ കൂടുതൽ സജീവ പങ്കാളികളാകാനും ഈ കൂട്ടായ്മ സഹായകരമാകുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ മാനേജിങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു പറഞ്ഞു. തിരുവനന്തപുരം മാനേജ്മെന്റ് അസോസിയേഷനിൽ നടന്ന ചടങ്ങിൽ കെഫോൺ മാനേജിംഗ് ഡയറക്ടർ ഡോ. സന്തോഷ് ബാബു, തിരുവനന്തപുരം മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് എസ്. എൻ രഘുചന്ദ്രൻ നായർ, വിമൺ എൻട്രപ്രണേഴ്സ് നെറ്റ്‌വർക്ക് പ്രസിഡന്റ് റെസ്മി മാക്സിം എന്നിവർ പങ്കെടുത്തു.

# വർമ്മ അവന്യൂ ലക്ഷ്വറി അപ്പാർട്ട്മെന്റ്: ശിലാസ്ഥാപനം നടത്തി




**കൊച്ചി:** വർമ്മ ഹോംസിന്റെ കാക്കനാട് പാലച്ചുവടിലുള്ള വർമ്മ അവന്യൂ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്റ്റിന്റെ ശിലാസ്ഥാപനം നടന്നു. വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ ശിലാസ്ഥാപനം നിർവഹിച്ചു.

മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, വൈസ് പ്രസിഡന്റുമാരായ ആരതി വർമ്മ, വൈശാഖ് വർമ്മ, സ്ഥലമുടമ ജോസ് വളവി, വാർഡ് കൗൺസിലർ എം എസ് ശരത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# എം.ജി ജോർജ് മുത്തൂറ്റ് സ്മാരക ഹാൾ ഉദ്ഘാടനം ചെയ്തു




**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് കമ്പനിയുടെ മുൻ ചെയർമാൻ എം ജി ജോർജ് മുത്തൂറ്റിന്റെ സ്മരണയ്ക്കായി പണി കഴിപ്പിച്ച എംജി ജോർജ് മുത്തൂറ്റ് സ്മാരക ഹാൾ പാറ്റ്ന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റീസ് ജേക്കബ് ബെഞ്ചമിൻ കോശി ഉദ്ഘാടനം ചെയ്തു. ഫോർട്ട് കൊച്ചിയിലെ സാമൂഹിക ഒത്തു ചേരലുകൾക്കും ചടങ്ങുകൾക്കും വേദിയാകുന്ന വൈഎംസിഎയിലെ ഈ ഹാൾ 3400 ചതുരശ്ര അടിയിൽ 27 ലക്ഷം രൂപ ചെലവിലാണ് നിർമിച്ചത്. ഹാളിനു നാമകരണം ചെയ്യുന്ന ശിലാഫലകം മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ് എം. ജോർജ് അനാച്ഛാദനം ചെയ്തു. കൊച്ചി രൂപത വികാരി ജനറൽ. ഡോ.ജോസി കണ്ടനാട്ടുതറ ആശീർവാദം നടത്തി. വൈഎംസിഎ ഇന്ത്യ നാഷണൽ കൗൺസിൽ ദേശീയ സെക്രട്ടറി എൻ. വി എൽദോ, വൈ.എം.സി.എ ദക്ഷിണ പശ്ചിമ ഇന്ത്യ ട്രഷറർ അനിൽ ജോർജ്ജ്, കോർപ്പറേഷൻ കൗൺസിലർമാരായ ടി. കെ അഷറഫ്, കെ. എ മനാഫ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# 'ഗിഫ്റ്റ് ഹെർ ക്ലിയർ വിഷൻ' കാമ്പയിനുമായി ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ

**കൊച്ചി:** അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ രാജ്യത്തുടനീളം 'ഗിഫ്റ്റ് ക്ലിയർ വിഷൻ ടു ഹെർ' എന്ന സാമൂഹ്യബോധവൽക്കരണ ക്യാമ്പയിൻ ആരംഭിച്ചു. രാജ്യത്തെ 280ലധികം നേത്രാശുപത്രികളിലും വിഷൻ കെയർ സെന്ററുകളിലുമായി ഏകദേശം 10 ലക്ഷം സ്ത്രീകൾക്ക് സൗജന്യ നേത്രപരിശോധനയും ഔട്ട്പേഷ്യന്റ് കൺസൾട്ടേഷനും നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി. സ്ത്രീകൾ കുടുംബപരിപാലനവും വീട്ടുചുമതലകളും മുൻഗണന നൽകുന്നതിനാൽ സ്വന്തം ആരോഗ്യപരിപാലനം പലപ്പോഴും പിന്നിലേക്ക് മാറ്റുന്ന പ്രവണതയുണ്ടെന്നും, ഇതുമൂലം തടയാവുന്ന കാഴ്ചനഷ്ടത്തിനുള്ള സാധ്യത ഉയരുന്ന സാഹചര്യത്തിലാണ് ഈ പദ്ധതി ആരംഭിച്ചതെന്നും ആശുപത്രി അധികൃതർ അറിയിച്ചു.

പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ https://www.dragarwal.com/womens-day-2026/ എന്ന വെബ്സൈറ്റിലെ പ്രതിജ്ഞ ഫോറം പൂരിപ്പിക്കുകയോ 9003888444 എന്ന നമ്പറിലേക്ക് വിളിച്ച് ഒരു സ്ത്രീയെ സൗജന്യ നേത്രപരിശോധനയ്ക്ക് നാമനിർദേശം ചെയ്യുകയോ ചെയ്യാം. നാമനിർദേശം ലഭിക്കുന്ന സ്ത്രീകൾക്ക് മാർച്ച് 8 മുതൽ 31 വരെ അടുത്തുള്ള ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ കേന്ദ്രങ്ങളിൽ മുൻഗണനാ അപ്പോയിന്റ്മെന്റ് നൽകും. സ്ത്രീകൾക്കായി വിവിധ കേന്ദ്രങ്ങളിൽ പ്രവൃത്തിദിവസങ്ങളിലും വാരാന്ത്യങ്ങളിലും പ്രത്യേക മുൻഗണനാ കൺസൾട്ടേഷൻ സമയങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

# ഷീജക്കും രമാദേവിക്കും ആദരമൊരുക്കി സിഎംഎഫ്ആർഐ

**കൊച്ചി:** മത്സ്യമേഖലയിൽ മികച്ച സംരംഭകരായി ശ്രദ്ധേയരായ വനിതകളായ ഷീജ സിൽവിയെയും കെ എസ് രമാദേവി പ്രമോദിനെയും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആദരിച്ചു.

സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ ഇരുവരെയും അംഗീകാരപത്രം നൽകി ആദരിച്ചു. കല്ലുമ്മക്കായ കൃഷിയിലൂടെയാണ് കൊല്ലം ജില്ലയിലെ തെക്കുംഭാഗം സെന്റ് സെബാസ്റ്റ്യൻ ഐലന്റിലെ ഷീജ സിൽവി നേട്ടമുണ്ടാക്കിയത്. എറണാകുളം ജില്ലയിലെ നായരമ്പലം സ്വദേശിയായ രമാദേവി അലങ്കാരമത്സ്യ കൃഷിയിലാണ് സംരംഭകയായി മികവ് തെളിയിച്ചത്. മത്സ്യമേഖലലയിലുള്ളവർക്ക് സാങ്കേതിക സഹായവും പരിശീലനവും നൽകുന്ന സിഎംഎഫ്ആർഐയുടെ എസ്.ടി.ഐ. (സയൻസ് ടെക്നോളജി ആന്റ് ഇന്നൊവേഷൻ) ഹബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇരുവരും. ഷീല കൊച്ചൗസേപ് ചിറ്റിലപ്പള്ളി മുഖ്യാതിഥിയായിരുന്നു. സാമ്പത്തിക സ്വാശ്രയത്വമാണ് സ്ത്രീശാക്തീകരണത്തിന്റെ അടിസ്ഥാനമെന്ന് അവർ പറഞ്ഞു. കഴിവുകൾ തിരിച്ചറിഞ്ഞ് ഇഷ്ടപ്പെട്ട മേഖലയിൽ ജോലി ചെയ്യാനും സംരംഭകരാകാനും സത്രീകൾ മുന്നോട്ട് വരണം.

ഒഴിവ് സമയങ്ങളിലെ വിനോദമായി തുടങ്ങുന്ന ചെറിയ കാര്യങ്ങൾ ബിസിനസ് സംരംഭങ്ങളായി വികസിച്ച് ധാരാളം അനുഭവങ്ങൾ ചുറ്റുമുണ്ട്. പ്രവർത്തന സജ്ജമാകാൻ തയ്യാറാകുന്നതോടെ ജീവിതത്തിൽ മാറ്റങ്ങളുാകുമെന്നും അവർ പറഞ്ഞു. ഫിഷറീസ് സംരംഭക രംഗത്തെ അനുഭവങ്ങൾ ഷീജയും രമാദേവിയും പങ്കുവെച്ചു. ഡോ. വി.വി.ആർ സുരേഷ് അധ്യക്ഷത വഹിച്ചു. ഡോ. സന്ധ്യ സുകുമാരൻ, സൗമ്യ സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.


*മത്സ്യമേഖലയിൽ മികച്ച സംരംഭകരായി കരുത്ത് തെളിയിച്ച ഷീജ സിൽവിയും കെ എസ് രമാദേവി പ്രമോദും സിഎംഎഫ്ആർഐയുടെ ആദരവ് ഏറ്റുവാങ്ങിയപ്പോൾ. ഷീജ സിൽവി, കെ എസ് രമാദേവി പ്രമോദ്, ഷീല കൊച്ചൗസേപ് ചിറ്റിലപ്പള്ളി, ഡോ വി.വി.ആർ സുരേഷ്, ഡോ. സന്ധ്യ സുകുമാരൻ, സൗമ്യ സുരേന്ദ്രൻ എന്നിവർ.*

# കല, കായൽ, കഥകൾ ; ശ്രദ്ധേയമായി ദേശീയ സംഗമം



**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇന്റീരിയർ ഡിസൈനേഴ്സ് (ഐ ഐ ഐ ഡി) കേരള ചാപ്റ്റർ ഫോർട്ട് കൊച്ചിയിൽ സംഘടിപ്പിച്ച 'കല, കായൽ, കഥകൾ' എന്ന ദേശീയ സംഗമം ശ്രദ്ധേയമായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആർക്കിടെക്റ്റുകളും ഇന്റീരിയർ ഡിസൈനർമാരും ട്രേഡ് മെംബർമാരും പങ്കെടുത്ത പരിപാടി കല, പഠനം, സുഖജീവനം എന്നിവയെ ഒറ്റവേദിയിൽ കൂട്ടിച്ചേർത്ത അനുഭവമായി മാറി.ഫോർട്ട് കൊച്ചി ബിനാലെ പവലിയനിൽ 'കഥകൾ' എന്ന പേരിൽ അഡാപ്റ്റീവ് റീയൂസ് അടിസ്ഥാനമാക്കി നടത്തിയ കിന്യൂയിംഗ് എജുക്കേഷൻ പ്രോഗ്രാമിൽ (സിഇപി ) ആർക്കിടെക്റ്റ് കാൾ ഡാം ഷെൻ, ആർക്കിടെക്റ്റ് ലത രാമൻ എന്നിവർ സെഷനുകൾ നയിച്ചു.

ഫോർട്ട് കൊച്ചി കൊച്ചിൻ ക്ലബ്ബിൽ നടന്ന ചടങ്ങ് ട്രിപ്പിൾ ഐ ഡി നാഷണൽ പ്രസിഡന്റ് ജിഗ്നേഷ് മോദി, ഇമിഡിയറ്റ് പാസ്റ്റ് പ്രസിഡന്റ് സരോഷ് വാഡിയ, വൈസ് പ്രസിഡന്റ് പ്രശാന്ത് റെഡ്ഡി, പ്രസിഡന്റ് ഇലക്റ്റ് ഷാമിനി ശങ്കർ ജെയ്ൻ, ഹോണററി സെക്രട്ടറി അൻഷുമാൻ ശർമ്മ, ഹോണററി ജോയിന്റ് സെക്രട്ടറി മേഹുൽ കാംദാർ, ട്രഷറർ സുനിത വർഗ്ഗീസ്, ട്രിപ്പിൾ ഐ ഡി ഇൻസ്കേപ് ബ്യൂറോ ഹെഡ് മോണിക്ക മോഡി, കൊച്ചി മുസിരിസ് ബിനാലെ കോഫൗണ്ടർ ബോസ് കൃഷ്ണമാചാരി, കേരള റീജിയണൽ ചാപ്റ്റർ ചെയർപേഴ്സൺ ചിത്രാ നായർ, ഹോണററി സെക്രട്ടറി സൂര്യ പ്രശാന്ത് എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം നടത്തി. ഐ ഐ ഐ ഡി കേരള ചാപ്റ്റർ നവംബറിൽ സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ഡിസൈൻ കോൺക്ലേവ്യും ഡിസൈൻ എക്സലൻസ് അവാർഡുകളും ചടങ്ങിൽ പ്രഖ്യാപിച്ചു. കോൺക്ലേവ് കൺവീനറും കേരള റീജിയണൽ ചാപ്റ്റർ ചെയർപേഴ്സൺ ഇലക്റ്റുമായ അർജുൻ രാജൻ ആശയാവതരണം നടത്തി. കോ-കൺവീനർമാരായ അനൂപ്, സുനിൽ സി.പി എന്നിവരെ ചടങ്ങിൽ പരിചയപ്പെടുത്തി.

തുടർന്ന് ഐ ഐ ഐ ഡി യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ ഇൻസ്കേപ്പ് നാഷനൽ പ്രസിഡന്റ് ജിഗ്നേഷ് മോദിയും നാഷനൽ എക്സിക്യൂട്ടിവ് അംഗങ്ങളും ചേർന്ന് പ്രകാശനം ചെയ്തു. 2025-2027 കാലയളവിലെ പ്രവർത്തനങ്ങൾക്കായി ഐ ഐ ഐ ഡി സ്വീകരിച്ച 'സിനർജി നെക്സ്റ്റ്' എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് പരിപാടികൾ സംഘടിപ്പിച്ചതെന്ന് ഐ ഐ ഐ ഡി കേരള ചാപ്റ്റർ ചെയർമാൻ ചിത്ര നായരും ഹോണററി സെക്രട്ടറി സൂര്യ പ്രശാന്തും പറഞ്ഞു.

# മികച്ച ഏലം കർഷകർ:അവാർഡ് വിതരണം ഇന്ന്

**ഇടുക്കി:** കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ മികച്ച ചെറുകിട ഏലം കർഷകർക്ക് സ്പൈസസ് ബോർഡ് നൽകുന്ന അവാർഡുകൾ ചെയർപേഴ്സൺ അഡ്വ. സംഗീത വിശ്വനാഥൻ ഇന്ന് വിതരണം ചെയ്യും. 2023 മുതൽ 2026 വരെ മൂന്ന് വർഷ കാലയളവിലെ വിജയികൾക്കുള്ള അവാർഡുകളാണ് വിതരണം ചെയ്യുക.

2023-24 വർഷത്തിൽ തമിഴ്നാട് ബോഡിനായ്ക്കനൂർ സ്വദേശി എസ് മാധവനാണ് ഒന്നാം സമ്മാനം. തേനി സ്വദേശി ജെ ബി മുരുഗേശൻ, പത്തനംതിട്ട സ്വദേശിനി ടെസി എഫ് ഉമ്മൻ എന്നിവർ രണ്ടാം സമ്മാനം നേടി. 2024-25 വർഷത്തിൽ തമിഴ്നാട് ഡിണ്ടിഗൽ സ്വദേശി സി തമിഴ് വേടൻ ഒന്നാം സമ്മാനവും ഡിണ്ടിഗൽ സ്വദേശി ആർ മുത്തുപ്പാണ്ടി, ഇടുക്കി സ്വദേശിനി രാധ സി കെ എന്നിവർ രണ്ടാം സമ്മാനവും കരസ്ഥമാക്കി. 2025- 26 വർഷത്തിൽ ഇടുക്കി പുറ്റ ടി സ്വദേശി പയസ് ജോസഫിനാണ് ഒന്നാം സമ്മാനം. മുരിക്കുംതൊട്ടി സ്വദേശി തങ്കച്ചൻ എ.യു. ഉടുമ്പൻചോല സ്വദേശിനി പൂർവിഷ എസ് എന്നിവർ രണ്ടാം സമ്മാനം കരസ്ഥമാക്കി. വിജയികൾക്ക് യഥാക്രമം 1,00,000 രൂപ, 50,000 രൂപ ക്യാഷ് പ്രൈസുകൾക്കു പുറമെ പ്രശസ്തി പത്രവും സമ്മാനിക്കും. കർഷകരിൽ നിന്നും ഏലക്ക ശേഖരിച്ച് സ്പൈസസ് ബോർഡ് ലബോറട്ടറിയിൽ പരിശോധിച്ച് കീടനാശിനി സാന്നിധ്യം ഇല്ലെന്ന് ഉറപ്പു വരുത്തിയാണ് അവാർഡിന് പരിഗണിച്ചത്. നൂതന കാർഷിക രീതികൾ അവലംബിച്ച് ഉൽപാദനക്ഷമതയും ഗുണമേന്മയും വർധിപ്പിച്ചതിനാണ് അവാർഡ്.






# നിർഭയ നിശയക്ക് ആലുവയിൽ തുടക്കം

**കൊച്ചി:** സ്ത്രീകളുടെ രാത്രികാല സുരക്ഷാപദ്ധതിയായ നിർഭയ നിശയുടെ റൂറൽ ജില്ലാ ഉദ്ഘാടനം ജില്ലാ പോലീസ് മേധാവി കെ എസ് സുദർശൻ നിർവഹിച്ചു. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആലുവയിൽ രാത്രി 9 മുതൽ പുലർച്ചെ അഞ്ചു വരെ പിങ്ക് പോലീസ് സംവിധാനം ഉണ്ടാകുമെന്ന് എസ്.പി പറഞ്ഞു

ആലുവ കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ നടന്ന ചടങ്ങിൽ നർക്കോട്ടിക് സെൽ ഡിവൈഎസ്പി ജെ. ഉമേഷ് കുമാർ അധ്യക്ഷതവഹിച്ചു. ആലുവ നഗരസഭ ചെയർപേഴ്സൺ സൈജി ജോളി മുഖ്യാതിഥിയും സിനിമാതാരം അതിഥി രവി വിശിഷ്ടാതിഥിയും ആയിരുന്നു, വാർഡ് കൗൺസിലർ സാനിയ തോമസ്, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലളിതാ ഗണേശൻ, സബ് ഇൻസ്പെക്ടർ ആർ. ബിൻസി എഎസ്ഐ ബാലാമണി തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് നൈറ്റ് വാക്കിന്റെ ഫ്ളാഗ് ഓഫ് കെ.എസ് സുദർശൻ സൈജി ജോളി, അതിഥി രവി എന്നിവർ ചേർന്ന് നിർവഹിച്ചു. നടത്തത്തിൽ 200 ൽ ഏറെ വനിതകൾ പങ്കാളിയായി.

സ്ത്രീകൾക്ക് സുരക്ഷിതമായ രാത്രി ജീവിതം ഉറപ്പാക്കുക അടിയന്തര സഹായം നിമിഷങ്ങൾക്കുള്ളിൽ ലഭ്യമാക്കുക പോലീസ് സംവിധാനങ്ങളെ ഏകോപിപ്പിച്ച് സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.